കൂട്ടം



# Message



മുനീറ മണ്ണാറിച്ചാലിൽ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തങ്ങളുടെ ഡിജിറ്റൽ മാഗസിനായ "***കൂട്ടം***" പുറത്തിറക്കുന്നതിൽ വളരെയധികം സന്തോഷിക്കുന്നു. ഈ മാഗസിനിൽ കുട്ടികളുടെ വിവര സാങ്കേതിക വിദ്യയിൽ ആഭിമുഖ്യം വളർത്തുന്നതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുകയും ഇതിന് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

***വടശ്ശേരി ഗവ: ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് കുട്ടികളുടെ പരിശ്രമ ഫലമായി ഉണ്ടാക്കിയ ഡിജിറ്റൽ മാഗസിൻ ആയ " കൂട്ടം " ത്തിന് പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അധ്യാപകർക്കും ആശംസകൾ നേരുന്നു***

***മാഗസിൻ കമ്മറ്റി***

## ശാനയുടെ കണ്ണീരിൽ കുതിർന്ന തീക്കാറ്റ്



വെയിൽ മങ്ങിതുടങ്ങി സൂര്യന്‍ തലചാഴ്ക്കാൻ സമയമായിരിക്കുന്നു.വിളഞ്ഞു നിൽക്കുന്ന നെൽച്ചെടികൾ ഇളം കാറ്റിൽ നൃത്തമാടി.ചക്രവാളത്തിൽ ഇളം ചുവപ്പ് പ്രത്യക്ഷമായി നോക്കിനിൽക്കെ രാത്രിക്കു ജീവൻ നൽകികൊണ്ട് ചന്ദ്രനുദിച്ചു.ജാലകത്തിലൂടെ നിലാവ് എത്തിനോക്കിയപ്പോഴാണ് സ്ഥലകാലബോധമുണ്ടായത്. അവൾ പുറത്തേക്കുനോക്കി.നെൽച്ചെടികൾ നിലാവിനോട് സൗഹൃദം പങ്കിടുകയാണ്. ‘ഇന്നെന്താ ഇത്ര സന്തോഷം' നിലാവ് ചോദിച്ചു. ഇവിടെയിതാ ഒരു കല്ല്യണപന്തലുയർന്നിരിക്കുന്നു.നാളെ ശാനയുടെ നിക്കാഹാണ്.’നെൽച്ചെടികൾ പറഞ്ഞു.അവളുടെ കവിളിലൂടെ കണ്ണുനീർ ഒലിച്ചു.നാളെ മറ്റൊരാളുടെ ഭാര്യയായി പോയാൽ എന്റെ മോൻ.......അവൾ തേങ്ങിതേങ്ങി കരഞ്ഞു.തന്റെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന സമാൻക്ക എന്റെ പൊന്നുമോന്റെ ബാപ്പ എന്നെയും മോനെയും തനിച്ചാക്കി പള്ളിക്കാട്ടിൽ അന്തിയുറങ്ങുന്നു.ശാന കരഞ്ഞു. അങ്ങനെ ഇറങ്ങാൻ സമയമായി.ശാന എല്ലാവരോടും യാത്ര പറഞ്ഞു. മോനെ കാണാതെ കാറിൽ കയറാൻ ഒരുങ്ങിയ സമയം പിന്നിൽ നിന്നുള്ള വിളികേട്ട് അവൾ ഞെട്ടി.’ഇമ്മച്ചീ ന്നെ കൊണ്ടോകാതെ പോകല്ലേ?’.കരഞ്ഞുകൊണ്ട് ഓടിവരുന്ന മകനെ കണ്ട് അവൾ ഓടിച്ചെന്ന് മകനെ മാറോട്ചേർത്ത് പൊട്ടി കരഞ്ഞു.’ഇല്ല മോനെ....’ വാഹനത്തിൽനിന്നും അസീബ് പുറത്തുവന്നു.തല താഴ്ത്തിനിൽക്കുന്ന അവളിൽ നിന്നും കുഞ്ഞിനെ വാങ്ങി സ്വന്തം നെഞ്ചോട്ടു ചേർത്തു കവിളിൽ ചുംബനംനൽകി.’മ്മച്ചീ...ഇതാരാ...?’ഉത്തരം പറഞ്ഞത് അസീബായിരുന്നു.‘ നിന്റുപ്പച്ചിയാണു മോനേ?’ അതു കേട്ട അവർ ഒന്നടങ്കം ഞെട്ടി.’നമുക്കു പോവാം അല്ലെ മോനെ...?’ മറ്റുള്ളവരോട് യാത്ര പറഞ്ഞ് കുഞ്ഞിനേയും എടുത്ത് അവൻ വാഹനത്തിലേക്കു കയറി.പിന്നെ അവളും പുതിയ ജീവിതത്തിലേക്ക്.അപ്പോൾ അവൾക്ക്സന്തോഷം ഉണ്ടായി.എന്റെ മോനെ എനിക്കു തന്നെ തിരിച്ചു കിട്ടി.അവനൊരു ബാപ്പയും. എന്നാലും അവളുടെ മനസ്സിൽ സമാൻക്കയെ കണ്ട് സങ്കടപ്പെട്ടു. അവൾ തേങ്ങി കരഞ്ഞു.അപ്പോൾ നെൽച്ചെടികൾ സന്തോഷത്താൽ ആനന്ദനൃത്തമാടി.

# കാലം

അന്ന്,
ചാറ്റൽ മഴയത്ത് നനഞ്ഞ് നനഞ്ഞ്
വേനൽ ചൂടിൽ വിയർത്ത് വിയർത്ത്
കാറ്റിനോട് കവിതകൾ ചൊല്ലി
കിളികളോട് കഥ പറഞ്ഞ്
മരങ്ങളോട് കിന്നരിച്ച്
വയൽ വരമ്പിൽ പിച്ച വെച്ച്
പുഴയിറങ്ങി മേൽ നനച്ച്
പൂക്കളോടും വണ്ടിനോടും
വിസ്തരിച്ച് കളി പറഞ്ഞ്
മാനത്തെ മഴവില്ലിൻ താഴെയിരുന്ന്
കാട്ടു നെല്ലിക്ക കടിച്ചു ചവച്ച്
അങ്ങനെയങ്ങനെ......



ഇന്ന്,
വലിയ ബാഗ് തോളിലേറ്റി
ചെറിയ ബാഗ് കയ്യിൽ തൂക്കി
ഗ്രേഡിനായി മത്സരിച്ച്
കോച്ചിങ്ങ് സെന്ററിൽ തല പുകച്ച്
ആർത്തി തീർത്ത നാളുകളിൽ
ആധിയോടെ ഭീതിയോടെ
നാളെ ?

ഫാബി ഷെറിൻ എം . കെ

ക്കൂട്ടം

# ഇന്ത്യോ മുഗൾ വാസ്തുശിൽപകലയിലെ ചാരുത

**പ**തിനേഴാം നൂറ്റാണ്ടിൽ ചുവരുകളുടെ നഗരം എന്നറിയപ്പെടുന്ന പഴയ ഡെൽഹിയിൽ മുഗൾഭരണാധികാരിയായിരുന്ന ഷാജഹാൻ പണികഴിപ്പിച്ച വിസ്തൃതമായ ഒരു കോട്ടയാണ് ചെങ്കോട്ട.ഷാജഹാൻ ഇതിന് കിലഇ മുഅല്ല എന്നാണ് പേരിട്ടിര്ന്നത്.രണ്ട് കിലോമീറ്റർ ചുറ്റളവിൽ ഈ കോട്ടന നിലകൊള്ളുന്നു. പതിനേഴാം നൂറ്റാണ്ടിൽ മുഗൾ ഭരണാധികാരികൾ വസിച്ചിരുന്നത് ഈ കോട്ടയിലായിരുന്നു. 2007-ൽ യുനൈസ് കൊ ലോകപൈതൃക സ്ഥാനങ്ങളുടെ പട്ടികയിൽ ചുവപ്പികേട്ടയുടെ പേര് ഉൾപേടുത്തിട്ടുണ്ട്. 1857-ൽ മുഗൾ ഭരണാധികാരി ബഹദൂർഷ സഫറിൽ നിന്ന് ബ്രിട്ടീഷ് ഭാരതസർക്കാർ ചുവപ്പുകോട്ട പിടിച്ചടക്കും വരെ ഇത് മുഗൾ രാജവംശത്തിന്റെ സ്ഥാനമയി നിലകൊള്ളുന്നു.

പടിഞ്ഞാറെ വശത്തുള്ള ലാഹോറി ഗേറ്റ് തെക്കു വശത്തുള്ള ഡെൽഹി ഗേറ്റ്  എന്നിവ രണ്ട് പ്രധാന പ്രവേശന കവാടങ്ങൾ ചെങ്കോട്ടക്കുണ്ടായിരുന്നു.ഈ കവാടങ്ങളിൽ നിന്നുള്ള വഴികളിൽ ചെന്നത്തിന്ന നഗരമതിലിലെ കവാടങ്ങൾക്കും ഇതേ പേരുകൾ തന്നെയാണ്.യമുന നദിയിലേക്കിറങ്ങുന്ന താജ്ഘാട്ട് ഗേറ്റ് എന്ന കവാടവും കോട്ടക്കുണ്ടായിരുന്നു.

**ലാഹോറി ഗേറ്റ്**




കൂട്ടം

ലാഹോറി ഗേറ്റാണ് കോട്ടയുടെ പ്രധാന പ്രവേശന കവാടം.ഇന്ത്യയുടെ ദേശീയ പതാകഎപ്പോഴും ഉയർത്തിയിരിക്കും.ഇരു വശത്തും ഭാഗിക അഷ്ടഭുജാകൃതിയിലുള്ള ഗോപുരമുണ്ട്. ഏഴ് ഛത്രികകളുമുണ്ട്.

## ഛത ഖസാർ

ലാഹോറി ഗേറ്റ് കടന്ന് കോട്ടക്കുള്ളിലേക്ക് പ്രവേശിക്കുമ്പോൾ ഇരു വശത്തും വാണിജ്യ സ്ഥാനങ്ങളോട് കൂടി കാണുന്ന ഇടനാഴികയാണ് ഛത്ത ഖസാർ. മേൽക്കൂരയുള്ള ചന്ത എന്നാണ് ഇതിനർത്ഥം.ബസാർഇ മസഖഫ്എന്നാണ് മുമ്പ് ഈ ചന്തയുടെ പേര്.ഇന്ന് ഇതിന്റെ താഴെയുള്ള നിലയിൽ കടച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നത്.



## രംഗ് മഹൽ

കോട്ടടയുടെ കിഴക്കെ അറ്റത്ത് ഖാസ്മഹലിന്  തൊട്ടു തെക്കായാണ് രംഗ് മഹൽ സ്ഥിതിചെയ്യുന്നത്.ദിവാൻ -ഇ ആമിനും രംഗ് മഹലിന് ഇടയിൽ ചഹാർബാഗ് ശൈലിയിലുള്ള ഒരു പൂന്തോട്ടമുണ്ട്.ചുമരുകളിലും മച്ചിലും ചെറിയകണ്ണാടി കഷ്ണങ്ങൾ പതിച്ചതിനാൽ ശീഷ മഹൽ [കണ്ണാടി മാളിക]എന്നറിയപ്പെടുന്നു.

BY
AYISHA JUMNA
9A

# ***ശൈത്യകാലത്തും***

## ***കുളിരറിയാതെ കേരളം***



**കാ**ലങ്ങളായി തുടർന്ന് വരുന്ന പതിവു രീതികളും കാലവസ്ഥ വിദഗ്തരുടെ പ്രവചനങ്ങളും തെറ്റിച്ച് കൊണ്ടുഉള്ള മാറ്റമാണ്. കുറച്ച് വർഷങ്ങളായി കാലാവസ്ഥയിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നത്. കേരളത്തിൽ ശകതമായ തണുപ്പിന്റെ സീസണാണ്.

ജനുവരി സാധാരണ ഗതിയിൽ ഡിസംബർ,ഫെബ്രുവരി മാസങലളിലാണ് സംസ്ഥാനത്ത് തണുപ്പനുഭവപ്പെടാറുള്ളത്.ഇത്തവണ പക്ഷേ ജനുവരി പകുതി പിന്നിട്ടിട്ടും തണുപ്പ് എത്തിയിട്ടില്ല.രാത്രി കാലങ്ങളിൽ തണുത്തു വിറക്കാറുള്ള ഈ പലട്ടത്തിൽ ഇത്തവണ ഉഷ്

ണവും വിങ്ങലുമാണ് അനുഭവപ്പെടുന്നത്. പുതുവർഷത്തിൽ തണുപ്പ് തേടി മൂന്നാറിലേക്ക് പോയ വിനോദ സഞ്ചാരികളും നിരാശയോടെയാണ് ഇക്കുറി മടങ്ങിയത്.കേരളത്തിൽ അതിശൈത്യത്തിനുള്ള സാധ്യത ഇത്തവണ കുറവാണെന്നാണ് നവംബർ മാസത്തിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് പ്രവചിച്ചത്

കഴിഞ്ഞ വർഷം സംസ്ഥാനത്ത് പതിവിൽ കവിഞ്ഞ

തണുപ്പനുഭവപ്പെടുന്നു.മിക്ക ജില്ലകളിലും നാല് ഡിഗ്രി വരെ കുറവ് താപനില രേഖപ്പെടുത്തി അഡി പർവ്വത സ് ഫോടനത്തിന്റെ പ്രതിലനവും ഇറാൻ, അഫ്ഗാനിസ്ഥാൻ മേഖലയിലെ

ശൈത്യതരംഗങ്ങൾ ഇന്ത്യയിലേക്ക് കടക്കാൻ സാധ്യത കുറവാണെന്നാണ്.നിരീകഷകരുടെ വിലയിരുത്തൽ ദൃശ്യമാകുന്നതും അല്ലാത്തതുമായ നിരവധി മാറ്റങ്ങൾക്കു വിധേയമായിട്ട് കൊണ്ടിരിക്കുകയാണ് ഭൂമി

By

Murshid Anwar

IX B

# ഇന്ത്യയിലേക്ക് പോയ കച്ചവടക്കാരനും അയാളുടെ തത്തയും




ഒരിക്കൽ ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. അയാൾഒരു തത്തയെ മനോഹരമായ  ഒരുകൂട്ടിൽ അടച്ചിരുന്നു ആതത്തക്ക് മനുഷ്യ ഭാഷ അറിയാമായിരുന്നു . ആകച്ചവടക്കാരൻ വ്യാപാരത്തിനായി ഇന്ത്യയിലേക്ക് പോകാൻ തീരുമാനിച്ചു. അദ്ദേഹം തന്റെഭൃത്യൻ മാരോട്ചോദിച്ചു .ഞാൻ എന്താണ് നിങ്ങൾക്ക് വേണ്ടികൊണ്ട് വരേണ്ടത്ഓരോരുത്തരും അവർക്കിഷ്ട്ടപെട്ടത് പറഞ്ഞു.

അവസാനം കച്ചവടക്കാരൻ തന്റെ തത്തയോട് ചോദിച്ചു ''എന്റെ തത്തേ....നിനക്ക് എന്താണ് കൊണ്ട് വരേണ്ടത് അപ്പോൾ തത്ത പറഞ്ഞു നിങ്ങൾ ഇന്ത്യയിൽ ചെല്ലുമ്പോൾ അവിടെയുള്ള തത്തകളെ വിളിച്ച്  കൊണ്ട് അവരോട് പറയണം എന്റെ തത്ത നിങ്ങളെ കാണാൻ ആ്ഗ്രഹിക്കുന്നു. എന്നാൽ ആ തത്ത ഇപ്പോൾ എന്റെ തടവറയിലാണ് എനിക്ക് എന്റെ  സ്വാതന്ത്യം എന്നെങ്കിലും ലഭിക്കുമോ. അതിനുള്ള മാർ ഗം പറഞ്ഞ് തരുമോ. അങ്ങനെ തത്ത തന്റെ ദുഖ  കഥകൾ പലതും പറയാൻ വേണ്ടി പറഞ്ഞു .തത്ത പറഞ്ഞതെല്ലാം ഇന്ത്യയിൽ ചെല്ലുമ്പോൾ പറയാമെന്ന് കച്ചവടക്കാരൻ സമ്മതിച്ചു

കച്ചവടക്കാരൻ ഇന്ത്യയിലേക്ക് യാത്രയായി അവിടെ ധാരാളം തത്തകളെ കണ്ടു അവയോട് തന്റെ തത്ത പറയാൻ ആവശ്യ പ്പെട്ടതെല്ലാം പറഞ്ഞു.അപ്പോൾ  ആ കൂട്ടത്തിലെ ഒരു തത്ത പെട്ടെന്ന് തറയിൽ വീണ് പ്രാണൻ വെടിഞ്ഞു.

അയ്യോ.......... എന്തിനാണ് ഞാൻ ഇങ്ങനെ ചെയ്തത് എന്റെ വിഡ്ഢി വാക്കുകൾ കേട്ട് ആ പാവപ്പെട്ട ജീവിഹൃദയം പൊട്ടി ജീവൻ ഉപേക്ഷിച്ചല്ലോ....... ഒരു  പക്ഷേ ഈ തത്ത എന്റെ തത്തയുടെ ഇണയായേക്കാം.കച്ചവടക്കാരൻ ഇന്ത്യയിൽ നിന്ന് മടങ്ങി എത്തി.ഓരോ ഭൃത്യയ്ക്കും കൊടുക്കാമെന്ന് പറഞ്ഞ സമമാനം കൊണ്ട് വന്നിരുന്ന അപ്പോൾ തത്ത ചോദിച്ചു.എനിക്ക് തരാമെന്ന് പറഞ്ഞ സമ്മാനമെവിടെ അപ്പോൾ കച്ചവടക്കാരൻ ഇന്ത്യയിൽ നിന്ന് സംഭവിച്ചതെല്ലാം വിശദീകരിച്ചു.ഇത് കേട്ട തത്ത വളരെ ദു:ഖിതയായി അവൾ തറയിൽ വീണ് ചത്തു പോയി. അപ്പോൾ  കച്ചവടക്കാരൻ പറഞ്ഞു:എന്റെ പ്രിയപ്പെട്ട തത്തേ നീ എന്താ ചെയ്തത് നിന്നെ ഞാൻ എത്ര സ്നേഹിച്ചിരുന്നു.എന്റെ നാവ് എന്തൊരു ചതിയാണ് എന്നോട് ചെയ്തത് ഹൃദയം പൊട്ടി അയാൾ കരഞ്ഞു.ആ തത്തയെ കൂട്ടിൽ നിന്ന് ദൂരേക്ക് എറിഞ്ഞു.പെട്ടെന്ന് തത്ത ജീവൻ വന്ന് ആകാശത്തേക്ക് പറന്നുഇത് കണ്ട് അന്താളിച്ച കച്ചവടക്കാരനോട് തത്ത പറഞ്ഞു ഇന്ത്യയിലെ തത്തഎനിക്ക്  ഈ തടവറയിൽ നിന്ന് സ്വതന്ത്രമാകാനുള്ള പോം വഴി പറഞ്ഞു തന്നതാണിത്. ഇതും പറഞ്ഞ് തത്ത പറന്നകന്നു.

BY
RAJA MARIYAM M
9A




***Long Long ago, there was an enormous apple tree A little boy loved to come and play around it every day. He climbed to the tree top and ate the apples. He took a nap in its shadow. He loved the and the three loved to play with him.***

***Time went by. The little boy had now become a teenager and he no longer paid around the tree any more***

***One day the boy came back to the tree and discover that it looked sad. "Come and play with me" the tree seemed to asked the boy.***

***"I am no longer a kid, I do not play around trees any more" the boy replied. "I want the latest gadgets. I need money to buy them."***

***"Sorry, but i do not have money, but you can pick all my apples and sell them. Then, you will have money." The boy was so exited. He plucked all the apples on the tree and left happily. The boy did not come back after he picked the apples. The tree was deeply saddened once again***

***One day many years later, the boy who now had turned into a man returned and the tree was thrilled ! "Come and play with me," the tree seemed to have said.***

***"I do not have time to play. I have to work for my wife and children. We need a house for shelter. Can you help me?"the man replied.***

***"sorry, but i do not have any houses. But you can chop off my branches to build your house."***

***so the man cheerfully cut all the branches of the tree and left happily. The tree was glad to see him happy but the man did not come back for years and years. The tree was again lonely and upset.***

*One hot summer day. The man returned and the tree was delighted.*
*"Come and play with me,"the tree seemed to say.*
*"I am approaching my fifties. I want to go sailing so i can relax during my holidays. Can you give me a boat ?" asked the man.*
*"Use my trunk to build your boat. You can sail for away and be happy," the tree seemed to have replied*
*so the man joyfully cut the tree trunk to make a boat. He went sailing and did not show up for a long time*
*Finally, the man returned after many years*
*"Sorry, my boy. But i do not have anything for you any more. No more apples for you," the tree seemed to have said.*
*"No problem, i do not have any more teeth to bite," the man replied.*
*"No more trunk for you to climb on," the tree seemed to have respond.*
*"I am too old for that now too." the man said.*
*" I really cannot give you anything, my boy. The only thing left is my dying roots," the tree seemed to have said with tears.*
*"I do not need much now, just a place to rest. I am tired after all these years," the man remarked.*
*God ! Old tree roots are the best place to lean on and rest, come, come sit down with me and rest," the tree seemed to have hearty whispered.*
*The man sat down on the grass, leaning his weak body on the trees stump. The tree was so glad it seemed to have smiled with tears....*
*This is a story for everyone. The tree is like our parents. When we were young. We loved to play with our Mum and Dad. When we grow up, we leave them... only come back to them when we need something or when we are in trouble.*
*No matter what, our parents will always be there and give everything they could.*
*Just to make you happy. Love your parents.*
*You many think the boy is cruel to the tree, but that is how almost all of us treat our parents We take them for granted. We don't apprreciate all the things that they do for us UNTIL it's too late*

***BY***
***AYISHA K K***

***IX -A***




# ആ..... രാത്രികളിൽ

**വി**ശാലമായ മുറ്റം, പാറി നടക്കുന്ന പൂമ്പാറ്റകൾ, പൂന്തോട്ടത്തിൽ വെള്ളമൊഴിക്കുന്ന ഒരു പെൺക്കുട്ടി. ചേച്ചീ....... എന്നുള്ള നീട്ടിവിളിയുമായ് ഓടിവരുന്ന കൊച്ചു പെൺക്കുട്ടി.

ആ.......ഒരു ഞെട്ടലോടെ അവൾ എണീറ്റു. താൻ എവിടെയാണന്ന് അവൾക്ക് പിടുത്തമില്ല.തെരുവിലെ വഴിയിൽ കിടന്നുറങ്ങിയിരുന്നു.പുലരിയിൽ കണ്ട സ്വപ്നം അവളുടെ മനസ്സിലേക്ക് ഓടിവന്നു.അവളുടെ കണ്ണ്കളിൽ നനവ് പടർന്നു. അതേ... അവളിപ്പോൾ അനാഥയാണ്. ആരോരുമില്ലാത്തവൾ, ഒറ്റക്കാണവൾ എവിടേക്കാണ് പോകേണ്ടതെന്ന് അറിയില്ല. അൽപം ഭക്ഷണം പോലും അവൾക്ക് ലഭിച്ചിരുന്നില്ല. ഭക്ഷണത്തിന് വേണ്ടി അവൾ തിരച്ചിൽ ആരംഭിച്ചു.അലഞ്ഞ് നടന്ന് ക്ഷീണിതയായിരുന്ന അവൾ .ആര് സഹായിക്കും അവളെ,ഉറങ്ങാതെ കഴിക്കാതെ ഓരോ ദിവസവും അവൾ കഴിച്ച്ക്കൂട്ടി.അൽപം അകലെയായി ഒരു കട കണ്ടു.ഭക്ഷണം ലഭിച്ചില്ലേൽ മരിച്ചുപോകുമെന്ന അവസ്ഥയാണ് അവൾക്കുള്ളത്.കടയിൽ പ്രവേഷിച്ചപോൾ എല്ലാവരും അവളെ ഉറ്റുനോക്കി ക്കൊണ്ടിരുന്നു.എല്ലാവരും വെറുപ്പോടെ അവളെ നോക്കി നിന്നു. അവൾ അനങ്ങാതെ അവിടെ നിന്നു.തെരുവ് പിള്ളേരെല്ലാം തടിച്ച് ക്കൂടിയിട്ടുണ്ട്. ആരും അവളെ കൂടെ ക്കൂട്ടുന്നില്ല. എന്തുക്കൊണ്ടന്നറിയില്ല. അവരുടെ ക്കൂട്ടത്തിലെ പുതിയ അഥിതിയായതുക്കൊണ്ടാകാം പെട്ടന്നാണത് സംഭവിച്ചത് ..........

മോളെ,.. അവൾ തിരിഞ്ഞു നോക്കി.പുഞ്ചരിച്ചുക്കൊണ്ട് ഒരു വൃദ്ധ അവളെ നോക്കിനിൽക്കുന്നുണ്ടായിരുന്നു. ആ.. മാതൃത്വം തുളുമ്പുന്ന വിളിയിൽ അവളുടെ മനസ്സ് അലിഞ്ഞില്ലാതെയായിരുന്നു. മോൾടെ പേരെന്താ...ആ വൃദ്ധ അവളോട് ചോദിച്ചു. മീന അവൾ മറുപടി പറഞ്ഞു. മോൾ എന്താ ഇവിടെ ഒറ്റക്ക് നിൽക്കുന്നത്. നിന്റ അഛനും അമ്മയും എവിടെ? വൃദ്ധയുടെ ചോദ്യം അവളെ അലോസരപ്പെടുത്തി. അവളുടെ കണ്ണുകൾ നിറഞ്ഞു. അവളുടെ അവസ്ഥ കണ്ട് വൃദ്ധ അവളെ അവരുടെ വീട്ടിലേക്ക്ക്കൊണ്ട് പോയി. അവൾ ചിന്തകളിലായിരുന്നു. ആ.. വൃദ്ധ അവൾക്ക്

കൂട്ടം

ഭക്ഷണം നൽകി . അവൾ ആർത്തിയോടെ ഭക്ഷണം കഴിച്ചു. അൽപ സമയശേഷം ആ വൃദ്ധ അവളോട് അവളെ കുറിച്ച് ചോദിച്ചു. അവൾ പറഞ്ഞു തുടങ്ങി. ഞാൻ മീനു അഛൻ ,അമ്മ ,അനുജത്തി അടങ്ങിയ കൊച്ചു കുടുംബം. ഞങ്ങളെ വീടൊരു സ്വർഗമായിരുന്നു. ഒരിക്കെ അഛനും വീട്ടുടമസ്ഥനുമായി അൽപം വഴക്കുണ്ടായി. ഞങ്ങൾക്ക് സ്വന്തമായൊരു വീടില്ല. എന്നിരുന്നാലും ഞങ്ങൾ സന്തുശ്ട്ടരായിരുന്നു. വീട്ടുടമസ്ഥന്റെ ആക്ഷേപം സഹിക്കാനാകാതെ മറ്റൊരിടത്തേക്ക് പോകാൻ തീരുമാനിച്ചു

വീട്ടുടമസ്ഥന് വാടക കൊടുക്കാനുണ്ടായിരുന്നു. അഛന്റെ ക്കയ്യിൽ കാശില്ല. അനിയന് രണ്ട് വയസ്സ് പ്രായമൊള്ളൂ . എനിക്ക് പത്തും. ആ....... രാത്രി ..... അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഉറ്റി വീണു . കാഷ്മമീരിലേക്കായിരുന്നു യാത്ര. കർണാടക ഇടവഴിയിൽ വെച്ച് ആാ രാത്രി.............. കരഞ്ഞു കൊണ്ട് അവൾ പറഞ്ഞു. ഒരു ആക്സസിഡന്റ്..... പിന്നെ ഞാൻ ഒന്നും അറിഞ്ഞില്ല. നേരം പുലർന്നത് ഒരു ഓടയി ലായിരുന്നു. അഛൻ അമ്മ ആരും തന്നെ ഇല്ല . എല്ലാസ്ഥലത്തും തപ്പി നോക്കി . ഏതാ

സ്ഥലമെന്നറിയാതെ ഞാൻ എന്തു ചെയ്യാൻ, ഇവിടുത്തെ ഭാഷയിൽ സംസാരിക്കാൻ എനിക്കറിയില്ല. എല്ലാവരും എന്തൊക്കെയോ ചോദിക്കുന്നു. ഒ്ന്നും മനസ്സിലായില്ല. എത്രയോ ദിവസങ്ങൾ ഞാൻ ഒറ്റക്ക് കഴിച്ചുക്കൂട്ടി. ഭക്ഷണം കിട്ടിയില്ല. രാത്രയിൽ കൊതുകും പട്ടികളുമായിരു്ന്നു എനിക്ക് ക്കൂട്ട്. ആരും എന്നെ ശ്രുദ്ധിച്ചില്ല. ഒരോ രാത്രി യിലും ഞാൻ അഛനേയും അമ്മയേയും അനിയനേയും സ്വപനം കാണും .അവൾ കരഞ്ഞ് കണ്ട് ഇരുന്നു . എനിക്ക് ആരും ഇല്ല. അവൾ പൊട്ടി കരഞ്ഞു . ആ.. വൃദ്ധ അവളെ കെട്ടി പിടിച്ചു . അവളുടെ തലയിൽ തടവി . മക്കളില്ലാത്ത എനിക്ക് ദൈവം തന്ന മകളാണ് നീ . നീ ഇനി എന്റെ മകളാണ്. ഞാൻ വളർത്തും നിന്നെ . ആ വൃദ്ധ അവളെ വാരി പുണർന്നു.


സ്സ്നേഹമാം മാതൃദയത്തിൽ തട്ടിക്കൊണ്ടവൾ അവരേയും പുണർന്നു.

BY

ആയിഷ നബൈല. പി

9B

# ***KEEP YOUR EYES OPEN***



***Once upon a time. There was a lion that grew so old that he was unable to kill any prey for his food. So he said to himself. "I must do something, or else ,will die for starvation".He kept thinking and at last an idea struck him. He decided to lie down inside the cave pretending to be ill. Those who came to enquire about his health would become his prey. He put his wicked plan into practice and it started working. Many of his well wishers got killed. But evil is short lived.***

***One day a clever fox came to visit the lion. He stood at the mouth of the cave. He looked around and understood the reality. So he called out to the lion from out side and asked, "How are you sir?"***

***The lion replied "I am not feeling well. Why don't you come inside?" Then the fox replied, "I would love to come in, sir..., but I see all the footprints as going in to your cave, but none as coming out. I would be foolish enough to come in, saying so, the fox went to the other animels.***

***BY***

***FATHIMA NIDHA-K***

***IX-A***



# സഹോദരങ്ങളുടെ ഐക്യം

ഒരു മുത്തശിക്ക് അഞ്ച്ആൺമക്കളുണ്ട്.അഞ്ച് പേരും ഒരേ ഛായയുള്ളവർ!.മുത്തശിക്ക് മാത്രമേമക്കളെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നുള്ളൂ.

മൂത്തവൻ ഏത് കടലും വായ്ക്കകത്താക്കും.ഒരു ദിവസം അവൻ കൂട്ടുകാർക്കൊപ്പം കടൽത്തീരത്ത് കളിക്കുകയായിരുന്നു.കടൽ വെള്ളം മുഴുവൻ അവൻ വായിലെടുത്തു.ആ സമയം കടൽ ത്തീരത്ത്കളിച്ചിരുന്ന മറ്റു കുട്ടികളെല്ലാം കടലിനടിയിൽ കളിച്ചുതിമിർത്തു.വായ തുറന്നതും കടൽ പഴയ പടിയായി.കുട്ടികളെല്ലാം കടലിൽ മുങ്ങിച്ചത്തു.അവരുടെ അച്ഛനമ്മമാർ വിവരമറിഞ്ഞു.അവർക്ക് സങ്കടവും കോപവും നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല.തങ്ങളുടെ മക്കളെ കൊന്നവനെ കൈയോടെ പിടികൂടി ന്യായാധിപന്റെ മുന്നിൽ ഹാജരാക്കി. "ഇവന്റെ തല വെട്ടിക്കളയുക" എന്നതായിരുന്നു ന്യായാധിപൻ

ശിക്ഷവിധിച്ചത്."നോക്കൂ...എനിക്കൊരപേക്ഷയുണ്ട്”."പറയൂ.." ന്യായാധിപൻ ആജ്ഞാപിച്ചു.

"പ്രായമായ എന്റെ മുത്തശിയെ കണ്ട് യാത്ര പറയണം.നാളെത്തന്നെ തിരിച്ചുവരാം”.ന്യായാധിപൻ സമ്മതിച്ചു.തിരിച്ചുവന്നത് രണ്ടാമത്തെ സഹോദരനായിരുന്നു.ആയുധങ്ങൾ കൊണ്ട്  മുറിപ്പെടുത്താൻ സാധിക്കാത്തവനായിരുന്നു രണ്ടാമൻ.ശിക്ഷ നടപ്പാക്കാനുള്ള സമയമായി.ചന്തസ്ഥലം മുഴുവൻ ജനക്കൂട്ടം.പട്ടാളക്കാർ കുറ്റവാളിയെ കൊണ്ടുവന്നു.മൂർച്ചയുള്ള വാൾ അവന്റെ കഴുത്തിലൂടെ പാഞ്ഞു.എന്നാൽ എന്തുസംഭവിച്ചുവെന്നോ.പട്ടാളക്കാരുടെ വാളിന്റെ വായ്ത്തല ചുളുങ്ങിപ്പോയി.

"ഇവനെ വെള്ളത്തിൽ മുക്കി കൊല്ലുക”.ന്യായാധിപൻ പറഞ്ഞു."നിങ്ങൾ ശിക്ഷ നടപ്പാക്കിക്കോളൂ..പക്ഷേ എന്റെ മുത്തശ്ശിയോട് യാത്ര ചോദിക്കാൻ അനുവാദം തരണം”.ന്യായാധിപൻ സമ്മതിച്ചു.മൂന്നാമത്തെ സഹോദരനാണ് പിന്നീട് തിരിച്ചു വന്നത്.കാലുകൾ യഥേഷ്ടം നീട്ടാൻ കഴിയുന്ന അവനെ പട്ടാളക്കാർ തോണിയിൽ കയറ്റി.കടലിന്റെ ഏറ്റവും ആഴമുള്ള ഭാഗത്തേക്കാണ് കൊണ്ടുപോയത്.അവനെ കടലിൽ താഴ്ത്തേണ്ട താമസം അവനാകാലുകൾ  നീട്ടി വെള്ളത്തിന്റെ

മുകളിൽ തലയുയർത്തി.

"വിടരുത് അവനെ!.അവനെ ജീവനോടെ തീയിലിടണം".ന്യായാധിപൻ വിളിച്ച് പറഞ്ഞു.വിധി നടപ്പാക്കുന്ന ദിവസം വന്നു.ഇത്തവണയും മുത്തശ്ശിയുടെ അരികിൽ പോകാൻ അനുവാദം ചോദിച്ചു.ന്യായാധിപൻ അനുവദിക്കുകയും ചെയ്തു. നാലാമത്തവന്റെ ഊഴം.അവനെ പടയാളികൾ തീകുണ്ഠത്തിലേക്കിട്ടു.അവന് തീയൊരു പ്രശ്നമല്ല.അവൻ പുഞ്ചിരിച്ചുകൊണ്ട് തീയിൽ കിടന്നു പറഞ്ഞു."ഹായ് നല്ല സുഖം!" നാട്ടുകാരുടേയും ന്യായാധിപന്റേയും കോപം ഇരട്ടിച്ചു.അവസാനം ന്യായാധിപൻ വിളിച്ച് പറഞ്ഞു."ഇവനെ ജീവനോടെ കുഴിച്ചുമൂടുക"."നോക്കൂ..അവസാനത്തെ ഒരാഗ്രഹമാണ്.എന്റെ മുത്തശ്ശിയെ ഒന്ന് കണ്ടുവരട്ടെ".ന്യായാധിപൻ അനുവാദം കൊടുത്തു.തിരിച്ചുവന്നത് ഏറ്റവും ഇളയവൻ.അവൻ ദിവസങ്ങളോളം ശ്വാസം കഴിക്കാതെ ജീവൻ നിലനിർത്താൻ കഴിയും.തിരിച്ചുവന്ന അഞ്ചാമനെ പട്ടാളക്കാർ കുഴിയിലിട്ട് മൂടി.കാവലിനായി കുറേ പട്ടാളക്കാരും നിന്നു.പട്ടാളക്കാർ കുഴിയരികിൽ നിന്ന് മാറിയപ്പോൾ അവൻ മണ്ണിനടിയിൽ നിന്ന് പുറത്തേക്ക് വന്നു.

"എടോ നിന്നെ കൊല്ലാൻ പല മാർഗങ്ങളും നോക്കി.എല്ലാം നീ

പരാജയപ്പെടുത്തി.അതിനർഥം നീ നിരപരാധി എന്നാണ്!നീ നിന്റെ മുത്തശ്ശിയുടെ അടുത്തേക്ക് തിരിച്ചുപൊയ്ക്കോളൂ.."ന്യായാധിപൻ അവനെ വിട്ടയച്ചു.അവൻ സന്തോഷത്തോടെ സഹോദരൻമാരുടെ അരികിലെത്തി.മക്കളുടെ ഐക്യം കണ്ട മുത്തശ്ശിയുടെ മനസ്സ് നിറഞ്ഞു.

MAJIDA.VELLENGARA

9B

# ***<u>നല്ല നാളേക്കായ്</u>***

**1. ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്ന ഒരു പ്രധാന വിഷയമാണ് ദാരിദ്ര്യം . ദാരിദ്ര്യം എന്നത് ഒരു ചെറിയ കാര്യമല്ല അത് മനുഷ്യന്റെ ജീവിത രീതിക്ക് വരെ ഭാതിക്കുന്ന ഒരു കാര്യമാണ്. ദാരിദ്ര്യം കൊണ്ട് ഭക്ഷണം ലഭിക്കാത്ത ഒരു രാജ്യമായിരുന്നു സുഡാൻ ആഫ്രിക്കയിൽ മാത്രമല്ല ഇതു പോലെ പല സ്ഥലത്തും ഭക്ഷണം കിട്ടാതെ വലഞ്ഞു**



നടക്കുന്നവർ നമ്മെ ലോകത്തും രാജ്യങ്ങളിലുമെല്ലാം ഉണ്ട് . ലോക ബാങ്കിൻെ 2015 ലെ കണക്ക പ്രകാരം 702 ദശലക്ഷം മനുഷ്യർ ലോകത്ത് ദാരിദ്രത്തിലാണ് . ദാരിദ്രം ഇന്ത്യയിലും സുഡാനിയിലും മാത്രമല്ല , ലോകത്ത് മുഴുവൻ ഒരു സാമൂഹിക പ്രശ്നമാണ് . 1993 മാർച്ച് 26 ന് 'ന്യൂയോർക്ക് ടൈംസ്' ആഫ്രിക്കൻ രാജ്യമായ സുഡാന്റെ തെക്ക പ്രദേശത്ത് പട്ടിണി മൂലം വിശന്നു വീണഒരു കുട്ടിയും കുട്ടിയെ ഭക്ഷണമാക്കാൻ കാുകനേയും ഫോട്ടോ എടുത്ത് പ്രസിദ്ധീകരിച്ചിരുന്നു.അതു കൊണ്ട് നാം ഭക്ഷണ് പാഴാക്കാതെ ഓർക്കുക.

**MUHAMMED SHABEEB 9A**

# *കരടിയും സിംഹവും*

*പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു കരടിയും സിംഹവും ഉണ്ടായിരുന്നു. ഉറ്റ ചങ്ങാതിമാരായിരുന്നു. ഒരു ദിവസം ഇര തേടി നടക്കുമ്പോൾ വഴിയിൽ അവർ ഒരു മാനിനെ കണ്ടു. രണ്ടു പേരും ആർത്തിയോടെ അതിനെ പിടിക്കാൻഓടിചെന്നു. സിംഹംമാനിനെ. പിടികച്ചു. കൊന്നത്. മാനിനെ. തിന്നാൻ. കരടി. അടുത്തെത്തിയതുംസിംഹം കരടിയെ തടഞ്ഞു. നിൽക്കവിടെ. ഞാനാണിതിനെ കൊന്നത്. അതുകൊണ്ട് ഇതിലെആദ്യം ഞാൻ തിന്നും. പറഞ്ഞുഅതെങ്ങനെ ശരിക്കും ? ഞാനാണിതിനെ ആദ്യം കണ്ടത് ഞാൻ തിന്നിട്ടു മതി തന്റെ തീറ്റ. കരടിയും വിട്ട് കൊടുത്തില്ല. 2 പേരും വലിയ വാക്കേറ്റത്തിലായി. ഒടുവിൽ അതുദ്ധമായി. കുറേ കഴിഞ്ഞപ്പോൾ രണ്ട്*

***പേരും തളർന്നു. അനങ്ങാനാവാതെ കിടപ്പായി. ക്ഷീണം കൊണ്ട് രണ്ട് പേരും ഉറങ്ങിപ്പോയി. ഇതെല്ലാം കണ്ട് ഒരു കുറുനരി നിൽ-പ്പുണ്ടായിരുന്നു. അവന് സന്തോഷമായി. പിന്നെ അവൻ ഒട്ടും താമസിച്ചില്ല. അവൻ മാനിറച്ചി ആവശ്യത്തിന് അകത്താക്കി. അൽപനേരം കഴിഞ്ഞപ്പോൾ കരടിയും***

***സിംഹവും ഉണർന്നു. വീണ്ടും യുദ്ധത്തിനു വട്ടം കൂടി. അപ്പോഴാണ് അവർ ശ്രദ്ധിച്ചത്. മാനിന്റെ നല്ല ഇറച്ചിയെല്ലാം ആരോ തിന്നു കഴിഞ്ഞിരിക്കുന്നു. അവർ അവിടെ മുഴുവനും അന്വേഷിച്ചെങ്കിലും ആരാണിത് ചെയ്തതെന്ന് കണ്ടെത്താൻ ആയില്ല. രണ്ട് പേരും ഇളിഭ്യരായി. നമ്മളെന്തിനാണ് വെറുതെ യുദ്ധം ചെയ്തത്. സിംഹത്തിന് കുറ്റബോധം തോന്നി. നമുക്ക് ആ മാനിനെ ഒരുമിച്ച് തിന്നാമായിരുന്നു. കരടി സങ്കടത്തോടെ പറഞ്ഞു. ഇനി നമുക്ക് ഇര കിട്ടുമ്പോൾ വഴക്കുകൂടാതെ പങ്കുവെച്ചു തിന്നാം. അവർ ഒരു പുതിയ തീരുമാനത്തിലെത്തി.***

***MUHSINA 9B***

# ചാറ്റിങ്ങും ചീറ്റിങ്ങും

ദിനങ്ങൾ സ്റ്റാർട്ട് അപ് ചെയ്യുന്നത്
'Whatsapp' വിളിക്കുമ്പോഴാണ്
കണ്ണുകളെ 'Facebook'ൽ തപ്പിനോക്കി
പ്രാതൽ'Loading'ൽ ആണെന്ന്
അടുക്കളയിലേക്കയച്ച 'SMS'ന് മറുപടി

Hike ലൂടെ ഒരു യാത്ര നടത്തി

‘Skype’ലെത്തി ‘We Chat’കഴിഞ്ഞ്

Youtube ലെത്തിയപ്പോൾ

ലൈഫിന്റെ Battery ക്രിറ്റിക്കലി 'Low’

അടങ്ങാത്ത Selfie ഭ്രമത്താൽ

മരണ വേളയിലെ ക്ലിക്കും

Insta യിൽ പോസ്റ്റിയപ്പോൾ

ആയിരം Followers

മണിക്കൂറുകൾക്കിടയിൽ പറന്നുവന്ന

‘ലൈക്കുകളും’ ‘കമന്റുകളും’

‘ഫീലിങ് സാഡ്’ ‘കിട്ടു’

ദൈവ സന്നിധിയിലെ ചോദ്യങ്ങൾക്ക്

തിടുക്കത്തോടെ ചുഴിഞ്ഞന്വേഷിച്ച്

‘Google+’നെ ആയിരുന്നു

വിരലുകൾക്കിടയിൽ പച്ചപിടിച്ച കുറേ

ചാറ്റിങ്ങും ചീറ്റിങ്ങും മാത്രം

Muhammed Musharaf.P
9B

# ഇടയബാലൻ

***സാന്റിസോറിൻ* എന്നാണ് പേര്.**അവൻ കുറച്ച് ആട്ടുകൾ
മാത്രമായിരുന്നു ഉണ്ടായിരുന്നത്.അവ
ന് ആട്ടുകളെയും കൊണ്ട് ദിവസവും അലഞ്ഞു
തിരിയും.അയാളുടെ ആടുകളുമായി ഒരു ഗ്രാമത്തിലെത്തി.അവിടെ
ആടുകളുടെ രോമം പറിച്ച് കമ്പിളി ഉണ്ടാക്കി.അത് വിൽക്കാൻ
അവൻ  ഒരു കടയിലെത്തി. അവിടത്തെ മുതലാളിയോട്
ചോദിച്ചു. 'കമ്പിളി വേണോന്ന്?' മുതലാളി പറഞ്ഞു 'ഉച്ച കഴിഞ്ഞ്
വാ' എന്ന് പറഞ്ഞു.അവൻ ഒരു ബെഞ്ചിൽ ഇരുന്നു. എന്നിട്ട്
അലവൻ സഞ്ചിയിൽ നിന്ന് ഒരു പുസ്തകം എടുത്തു വായിക്കാൻ
തുടങ്ങി.ഇടക്കിട്ട് ഒരു സുന്ദരമായ ശബ്ദം എന്റെ ചെവിയിൽ തട്ടി.
അവൾ ചോദിച്ചു.'ഇടയൻമാർ പുസ്ത്തകം വായിക്കുമോ?'.
അധികവും പുസ്തകം വായിക്കുകയാണ് പതിവ്. അവർ കുറച്ച്
നേരം സംസാരിച്ചു.അവൾ പറഞ്ഞു. ആ കടയുടെ മുതലാളി
എന്റെ അച്ഛൻ ആണ്. അങ്ങനെ അവർക്ക് ഇടയിൽ സ്നേഹം
തുടങ്ങി. അച്ഛനോട് കാര്യം  പറഞ്ഞു. അച്ഛൻ പറഞ്ഞു.അവൻ

ആട്ടിടയനല്ലെ?. അവന്റെ മനസ്സ് ശുദ്ധമാണ്. അതാണ് വേണ്ടത്. നിന്റെ ഇഷ്ടം പോലെ.അങ്ങിനെ അലഞ്ഞു തിരിഞ്ഞ അവന് ഒരു സന്തോഷമുള്ള ജീവിതവും കുടുംബവും അവന് കിട്ടി. അന്നു മുതൽ അവന് നല്ല നാളുകൾ വന്നെത്തി.

RANIYA.K 9A

## ***അവസാനത്തെ***

## ***പച്ചയും വാടിയപ്പോൾ...***



**മാലിന്യം നിറഞ്ഞുനിൽക്കുന്ന തെരുവിലൂടെ അവൻ മന്ദം മന്ദം നടന്നു നീങ്ങി."അനാഥ"എന്ന ഏകാന്തത അവനെ അപ്പോഴും പിന്തുടരുന്നുണ്ടായിരുന്നു. ഉമ്മയും ഉപ്പയും മരിച്ചതിൽ പിന്നെ ആർക്കും വേണ്ടാത്ത ഒരു ജന്മമായി അവൻ മാറിയിരിക്കുന്നു.അടുത്തു ചെന്നാൽ ആരൊക്കെയോ തട്ടിയകറ്റുന്നതുപോലെ. അവന്റെ ഉപ്പ വരുത്തിവെച്ച കടങ്ങൾക്ക് അവന് ഇന്ന് പരിഹാരം കാണണമായിരുന്നു.എല്ലാം ചിന്തിച്ച് ദു;ഖിതനായി മനസ്സിന്റെ വ്യാപരവും പേറി അവൻ നടന്നുനീങ്ങി. പെട്ടന്ന് പിന്നിൽ നിന്ന് ഒരു വിളി "ഏടാ ബാബുവേ"...അവൻ അതു ശ്രദ്ധിക്കാതെ വീണ്ടും തന്റെ കാൽപ്പാദങ്ങളെ ചലിപ്പിച്ചു. പെട്ടെന്ന് ആ വിളി**

**അതിന്റെ ഉച്ചസ്ഥായിലെത്തിയപ്പോൾ അവൻ  അവന്റെ ശിരസ്സിനെ പിൽ വലിച്ച് പിറകിലേക്കുതിരിച്ചു.  അതാ സൈദാലിക്ക;**

**അദ്ദേഹം ഗ്രാമത്തിന്റെ അറ്റത്ത് ചായക്കട നടത്തുന്ന പാവം മനുഷ്യൻ. അദ്ദേഹത്തിന് മക്കളില്ലാത്തതിനാൽ കുട്ടികളോട് അദ്ദേഹത്തിന് വാത്സല്യമായിരുന്നു.ഏതെങ്കിലും ഒരു കുട്ടി വിശപ്പ് സഹിച്ച് നിൽക്കുന്നതു കണ്ടാൽ തന്റെ കടയിലെ ഭക്ഷണം അവർക്ക് വയറുനിറയെ നൽകി അതിൽ സന്തോഷം കണ്ടെത്തുന്നതായിതായിരുന്നു അദ്ദേഹത്തിനു പ്രിയം. "മോനെ നീ എന്തെങ്കിലും കഴിച്ചോ" എന്ന സൈദാലിക്കയുടെ ചോദ്യത്തിന് ബാബുവിനൊന്നും ഉത്തരം നൽകാൻ കഴിഞ്ഞില്ല.അവൻ പെട്ടെന്ന് നിശബ്ദനായി. പക്ഷേ അവന്റെ കണ്ണുകൾ മതിയായിരുന്നു അവന്റെ ദു:ഖം എത്രത്തോളമുണ്ടെന്നു  മനസ്സിലാക്കാൻ. "മോനെ നീ വാ" എന്ന സ്നേഹവിളിക്ക് ഉത്തരം നൽകാൻ കഴിഞ്ഞില്ല. അവൻ വിതുമ്പാൻ തുടങ്ങി. വിതുമ്പി വിതുമ്പി വാക്കുകൾ പോലും പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥ. " മോനെ നിന്റെ പ്രശ്നം എന്താണെന്ന്എനിക്കറിയാം,നിന്റെ ഉപ്പ മുഹമ്മദ് ബാക്കിവെച്ച കടങ്ങളല്ലേ നിന്റെ പ്രശ്നം, അതിന് ദൈവം നിനക്കെന്തെങ്കിലും ഒരു വഴി കാണിച്ചുതരാതിരിക്കില്ല. എന്ന് പറഞ്ഞു സൈദാലിക്ക അവനെ ആശ്വസിപ്പിച്ചു. എന്റെ ആകെയുള്ള സമ്പാദ്യമാണ് ഈ ഹോട്ടൽ, മോന് വേണ്ടത്  എന്താന്ന് പറഞ്ഞാൽ പറഞ്ഞാൽ അതെല്ലാം ഞാൻ തരാം. സൈദാലിക്കയുടെ ഈ വാക്കുകൾ ബാബുവിന്റെ മനസ്സിൽ തറച്ചു. ബാബു അദ്ദേഹത്തെ ആലിംഗനം ചെയ്ത് വിതുമ്പാൻ തുടങ്ങി.ശേഷം അവന് വയറുനിറയെ  ഭക്ഷണം കൊടുത്തിട്ടു പറഞ്ഞു;ഇനി നീ എന്നും  ഇവിടെ വന്ന് ഭക്ഷണം കഴിക്കണം;കഴിച്ചില്ലെങ്കിൽ  ഞാൻ നിന്റെ വീട്ടിലേക്ക് വരും. "ഇല്ല സൈദാലിക്ക ഞാൻ എന്നും വെന്നോളാം "**

എന്ന് പറഞ്ഞ് ബാബുവും അവിടെ നിന്നു പോയി. ബാബുവിന്റെയും സൈദാലിക്കയുടെയും സൗഹൃദം നാൾക്കുനാൾ വർദ്ധിച്ചു.

അങ്ങനെയിരിക്കെ ബാബു താമസിക്കുന്ന സ്ഥലം സൈദാലിക്ക കണ്ടത്. ഒരു ദിവസം നേരം വൈകിയ അവനോട് സൈദാലിക്ക കാര്യം തിരക്കി.അപ്പോഴാണ് അറിഞ്ഞത് ആകെ ഉണ്ടായിരുന്ന വീടും കൂടി പലിശക്കാരൻ വർഗീസ് പിടിച്ചെടുത്തിട്ടുണ്ട്. ബാബു അറിയാതെ സൈദാലിക്ക വർഗീസിനെ പോയി കണ്ടു. ''ഇന്റെ വ|ർഗീസെ നാണം ഉണ്ടോ നിനക്ക് ആ പാവം ചെക്കനെ ഇങ്ങനെ ഉപദ്രവിക്കാൻ, അവന്റെഉമ്മയും ഉപ്പയും മരിച്ചു പോയി. അവര് നിന്നോട് കടം വാങ്ങിയെന്നുള്ളത് ശരിതന്നെയാണ്.പക്ഷേ അതിന് അവനെ പരീക്ഷിക്കേണ്ടായിരുന്നു”.

''ഒന്നു പോ ഇന്റെ സൈതാല്യെ ഓനും മുഹമ്മദിന്റെ ചോരതന്നെയല്ലേ, ഓനും കുറച്ചൊന്നു പഠിക്കട്ടെ, “ഓ പഠിപ്പിക്കാൻ ഒരു മാഷ് വന്നിരിക്കുന്നു. എടാ നീയും ഞാനും ഒരു മനുഷ്യന്റെ പുത്രൻമാരല്ലേ? നാളെ നിന്റെ മക്കൾക്കാണ് ഈ ഗതി വന്നതെങ്കിൽ, ഒന്നു ചിന്തിച്ചു നോക്കികൂടെ.”സൈദാലിക്ക കൂട്ടി ചേർത്തു. അവനെ കുറിച്ചാണങ്കിൽ നീ എന്നോട് പറയണ്ട നീ പൊയ്ക്കോ ഇവ്ട്ന്ന്. നിങ്ങൾ ആരൊക്കയെ എന്തൊക്കെ പറഞ്ഞ് അവനെ എതിർത്താലും ഞാൻ അവനെ സംരക്ഷിക്കും, എന്റെ മകനായി .

അങ്ങനെ ബാബുവും സൈദാലിയും ഒരു വീട്ടിൽ താമസമായി . അവന്റെ എല്ലാ ചിലവുകളും സൈദാലി തന്നെ ഏറ്റെടുത്തു. രാവിലെ അവൻ പള്ളി ക്കൂടത്തിലേക്ക് പോകും. വൈകുന്നേരം അവൻ ചായ കടയിൽ

സൈദാലിക്കയെ സഹായിക്കും.ബുദ്ധിയിലും മിടുക്കിലും
മുൻപന്തിയിലായിരുന്നു ബാബു . അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും
അവനെ നല്ല മതിപ്പായിരുന്നു.എല്ലാ വിഷയത്തിലും **FRIST CLASS**
വാങ്ങുന്ന അവനെ നാട്ടുകാരും വീട്ടുകാരും ഒരു പോലെ സ്നേഹിച്ചു .
ആയിടക്കാണ് ബാബുവിന് കൊല്ലം ജില്ലയിലെ പ്രഥമ സ്കൂളിൽ
അദ്ധ്യാപകനായി ജോലി ലഭിച്ചത് . ഓരോ മാസവും കിട്ടുന്ന ശമ്പളം അവൻ
ബാങ്ക് വഴി സൈദാലിക്കയെ ഏൽപ്പിച്ചു. അങ്ങനെ ദിവസങ്ങൾ കൊഴിഞ്ഞു
പോയി. പെട്ടെന്ന് നെഞ്ച് വേദന വന്ന് ആശുപത്രിയിലായി.ബാബു
അയച്ചുകൊടുത്ത പണം സൈദാലിക്ക തന്റെ സുഹൃത്തായ രാമനുണ്ണിയെ
ഏൽപ്പിച്ച് കൊണ്ട് പറഞ്ഞു ;നീ ഇത് വർഗീസിന് കൊണ്ട് പോയി
കൊടുത്ത് അവന്റെ വീട് തിരിച്ചെടുക്ക് . അങ്ങനെ സൈദാലിക്ക
ബാബുവിന്റെ കടം മുഴുവൻ വീട്ടി. പക്ഷേ സൈദാലിക്കയുടെ രോഗം
രക്ഷിക്കാൻ കഴിയാത്ത രോഗമാണന്ന് ഡോക്ടർമാർ വിധി എഴുതി . പിറ്റേ
ദിവസം അദ്ധേഹം അന്ത്യ ശ്വാസം വലിക്കാൻ തുടങ്ങി. പക്ഷേ
സൈദാലിക്കയുടെ മരണവും ബാബുവിന്റെ വരവും അപ്രതീക്ഷമായ
ഒന്നായി. സന്തോഷപരിതനായി ബസ്സിൽ നിന്ന് ഇറങ്ങിച്ചെന്നത്
സൈതാലിക്കയുടെ കടയിലേക്കാണ് . അവിടെ ഒരു നിഷബ്ദത.
എല്ലാവരുടേയും ക്കണ്ണുകളിൽ നിന്നും കണ്ണു നീർ വീഴാൻ തുടങ്ങി. അപ്പോൾ
ബാബുവിന്റെ മനസ്സിൽ സൈദാലിക്കയടെ മുഖം മിന്നി,അവനറിഞ്ഞു
സൈദാലിക്കയുടെ മരണം -തന്നെ ഈ നിലയിൽ എത്തിച്ച മഹാൻ .
നിൽക്കുന്ന സ്ഥലത്തെ മണ്ണൊലിച്ചുപോകുന്നത് പോലെ അവന് തോന്നി .
അവന്റെ കണ്ണുകളെ എന്നല്ല അവന്റെ ശരീരത്തെ പോലും അവന്
നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഒന്ന് രണ്ട് വയസ്സായ കുട്ടിയെ പോലെ അവൻ

കൂട്ടം

**ആർത്തു വിളിച്ച**

"സൈദാലിക്കാ ഇന്റെ സൈദാലിക്കാ...."

RIDHA SHERIN P 9 B

# എന്റെ കലാലയം



**പിരിയാൻ കൊതിച്ചതല്ല.പിരിയേണ്ടി വന്നവർ.കൂട്ടുകൂടി കൂട്ടുകാരുമൊത്ത് നടന്ന ആ നല്ല നാളുകൾ ഓർമകളാകുന്നു.ഒരിക്കലും കഴിയരുതേ തീരരുതേ അവസാനിക്കരുതേ**

**എന്ന് മനസ്സിൽ പറഞ്ഞു പോയ ആ നല്ല നാളുകൾ . സൗഹൃദങ്ങളുടെകാലം**

**വൈകികേറിയ ക്ലാസുകൾ .പിന്നെ തലേന്ന് മറന്ന ഹോം വർക്ക് പകർത്താനുള്ള തിടക്കം .ക്ലാസിൽ വച്ചും പരീക്ഷ തലേന്നും മാത്രം തുറക്കാവുന്ന പുസ്തകങ്ങൾ .**

**ഫ്രീ പിരീഡിലെ കുസൃതികൾ .ചെറിയ ക്ലാസ് മുതലേ പേടി സ്വപ്നമായ ആ കണക്ക് പിരീഡ്.എത്രത്തോളം പടിച്ചാലും മറന്നു പോകുന്ന ആ പാഠങ്ങൾ .തിരക്കിട്ടെഴുതിയ ഇമ്പോസിഷനുകൾ .തനിയെ തയ്യാറാക്കിയ ലീവ് ലറ്ററുകൾ .**

**വലതുകൈപത്തിയിൽമുത്തമിടാറുള്ള ചൂരൽ തുമ്പുകൾ .ശനിയാഴ്ചകളിൽ നിറം പകർത്തു കൊണ്ട് യൂനിഫോം വേണ്ടാത്ത സ്പെഷ്യൽ ക്ലാസുകൾ .കയ്യിട്ട് വാരിയും പങ്കുവച്ചും കാലിയാക്കിയ ചോറ്റുപാത്രങ്ങൾ .അയലത്തെ ക്ലാസിനു മുന്നിലെ ആ കറക്കം .ടീച്ചർ വരുന്നതുവരെയുള്ളബേക്ക് ബേൻഞ്ചിലെ ഡസ്ക് കൊണ്ടുള്ള കൊട്ടിപ്പാട്ടും കലാപരിപാടികളും .പാതി മയക്കത്തിലെ ആഫ്റ്റർ നൂൺ ക്ലാസ് .ടെൻഷൻ അടിച്ച ടെക്സ്റ്റ് പേപ്പറുകൾ .അല്ലേലും വിദ്യാലയ ജീവിതത്തെ കളർ ആക്കിയത് ആയത്തിലുള്ള സൗഹൃദം തന്നെയാണ് .ടീച്ചർ ചോദിക്കുന്ന ചോദ്യങ്ങൾക് അടുത്തിരുന്ന് ഉത്തരം പറഞ്ഞുതരാനും,ക്ലാസിൽ നിന്ന് പുറത്താകുമ്പോൾ കൂടെ കൂടാനും,നമുക്കു വേണ്ടി വേറെ ക്ലാസിൽ പോയി തല്ല് ഉണ്ടാകാനും,എന്തിനും ഏതിനും കൂടെ നിൽക്കാനും ഒരു പിടി ചങ്കായ ചങ്കായിമാർ .**

കൂട്ടം

പിരിയാൻ വിധിക്കപെട്ടവർ മനസ്സില്ലാ മനസ്സോടെ പിരിയുന്നു .എന്ന് കാണുമെന്ന്

അറിയില്ല

എങ്കിലും ...........

RIYA FATHIMA
9B

# Mother and the Mouse

My mother is not the sort of mum
who'll squeal and faint and shiver
Darkness doesn't scare her,
when it thunders she won't quiver!

When i decide to play up
she fixes me with a stare,
One flashing look from her big eyes
and i just don't care to dare!

I raced to see her perched up high
upon the kitchen sink
squealing like a baby bat

Right on the edge, the brink

she wimpled like a baby,
And pointed to a mouse,
That had gall and temerity,
to enter into our house!

I picked a broom and shooed at it,
I chased it the hall,
I almost whacked it sharply,
for driving mummy up that wall

Iran in to the kitchen,
and helped my Mummy down,
trembling like an autumn leaf,
she ware a fright need frown....

I told her not to worry,
with the mice i was at war
I promised her that she'd be safe,
for that's what sons are for!

SHADIYA.P
9A

# മിഴിയിലെ  കിന്നാരം പോലെ

സന്ധ്യ സമയം.......

അവൻ കരയുകയാണ് റോഡിലൂടെ വണ്ടികൾ  പായുന്നു. എവിടെയാ......അവൻ എത്തിയത് എന്ന ഒരു പിടിത്തവുമില്ല അവൻ  വീണ്ടും കരയുകയാണ്  അവൻ അനാദയാണ് അവൻ ഉമ്മയും ഉപ്പയും ഉണ്ടായിരുന്നില്ല അവന്റെ പേര്  അലി എന്നാണ് അവനെ വളർത്തുന്നത് അവന്റെ പിതാവിന്റെ ചങ്ങായിയാണ്.ആ മഹാ മനുഷ്യനാണ് ബീരാനിക്ക അയാൾ ഒരു കുടുബമില്ലാത്തവനാണ്.അലി പത്താം ക്ലാസിലാണ് പഠിക്കുന്നത്.ക്ലാസിലെ മിടുക്കനാണ് അലി.ബീരാനിക്ക ഒരു കച്ചവടക്കാരനാണ്.പച്ചക്കറി വിൽപനയാണ് അയാളുടെ ജീവിതമാർഗം.അങ്ങനെ ഒരു ദിവസം അവന്റെ ഉപ്പ അവനെ

വിളിച്ച് പറഞ്ഞു നീ ......എന്റെ മോൻ പഠിച്ച് വലിയ ആളാവണം അവൻ സമ്മദം മൂളി അന്ന് മുതൽ അവൻ നന്നായി പഠിക്കാൻ തുടങ്ങി അവൻ പത്താം ക്ലാസിൽ 10A+ ആയിരുന്നു അവൻ ആ സന്തോഷത്തിൽ വീട്ടിൽ എത്തിയപ്പോൾ അവിടെ കുറേ  ആളുകളുകൾ ഒത്തുകൂടിയിരുന്നു. അവിടെ ആകെ നിശബ്ദമായിരുന്നു. അപ്പോ മനസ്സിലായി അവന്റെ ഉപ്പ മരിച്ചു.അവൻ ഉപ്പാന്റെ ആഗ്രഹം സാധിച്ചുകൊടുക്കാൻ നന്നായി പരിശ്രമിച്ചു.അങ്ങനെ അവൻ പഠിച്ച് വലിയ ഡോക്ടറായി.

SHAHASIYA.

# ***ഒരു ദിവസം ഞാനും ഏകനായ്***



**''ഏയ്,മനുഷ്യാാാ.......എന്നെയൊന്ന് എഴുന്നേൽപിക്കടോ?''** ഇല്ല, ഇവനും ഞാൻ പറഞ്ഞത് ഗൗനിച്ചില്ല. **''നിസാറേ, നീയെങ്കിലും!''**.മുപ്പത്തിമൂന്നാമത്തെ ആളെയാണ്   ഞാൻ വിളിക്കുന്നത്, ആരും എന്നെ ശ്രദ്ധിക്കുന്നില്ല.പക്ഷെ, അഞ്ചോ ആറോ ആളുകൾ എനിക്ക് വേണ്ടിയാണെന്ന് തോന്നുന്നു, ഖുർആൻ ഓതുന്നുണ്ട്.ആമിനയും ആദ്യം എന്റെ  പേര് പറഞ്ഞ്

കരഞ്ഞിരുന്നു.എന്നാൽ, ഇപ്പോഴത് തേങ്ങലിൽ ഒതുങ്ങിക്കൂടിയിരിക്കുന്നു.

എന്നെ കുളിപ്പിക്കാനെടുക്കുന്നതിന്റെ വർത്തമാനം സൈതലവിക്കാക്ക പറയുന്നുണ്ട്.പക്ഷെ, അവർ ആരും എന്നോട് പ്രതികരിക്കുന്നില്ല. ഈ കിടപ്പ് തുടങ്ങിയിട്ട് ഏകദേശം 4 മണിക്കൂറായിട്ടേയുള്ളൂ,എന്നാലും വീടുമുഴുവനും ആളുകളാ......

ആ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ നിന്നും കൊയ്തെടുത്ത കടലാസു തുണ്ടുകൾ ഈ രൂപത്തിലാക്കാൻ ഞാൻ എത്ര കഷ്ടപ്പെട്ടുണ്ട്. അതൊക്കെ എന്തിനായിരുന്നു?.ആ സമയത്ത് ഏതെങ്കിലും പാവപ്പെട്ടവർക്ക് വല്ലതും കൊടുത്തിരുന്നെങ്കിൽ , അനാഥമക്കളെ സഹായിച്ചിരുന്നെങ്കിൽ ...

ദാ.. ഇപ്പൊയെന്നെ കുളിപ്പിക്കാനെടുത്തുട്ടോ ... എന്നെ ആരൊക്കെയോ എടുത്ത് കുളിപ്പുരയിൽ കൊണ്ടുവെച്ചു.അവരുടെ കണ്ണിൽ നിന്ന് കണ്ണുനീര് നിറയുന്നുണ്ട്.എന്റെ അനിയൻ ജബ്ബാറും സൈതലവികാക്കയും..... അങ്ങെനെ ആരൊക്കെയോ ഉണ്ട്. അവർ എന്റെ ശരീരത്തിലേക്ക് ചൂടാറിയ വെള്ളം ഒഴിച്ചു.പക്ഷെ, എന്നോടൊരു അനുവാദവും അവർ വാങ്ങുന്നില്ല.

ഞാൻ സാധാരണ ഉടുക്കാറുള്ള മുന്തിയതരം തുണിയല്ല, ഒരു ഇടത്തരം തുണിയെന്നെ പുതപ്പിച്ചു.പിന്നെ അവർ എന്റെ മൂക്കിലും

ചെവിയിലു പഞ്ഞിവെച്ചു.''**വേണ്ട**''എന്ന് എനിക്ക് പറയണമെന്നുണ്ടായിരുന്നു.പക്ഷെ , അവർ കേൾക്കുന്നില്ല. വീടിന്റെ അകത്തു നിന്ന് ആമിനയുടെ ശബ്ദം കേൾ ക്കുന്നുണ്ട്.എന്റെ മകൾ സൈനബയും അവിടെവിടെയോ ഉണ്ട്.സ്വന്തം ഉപ്പയെ ജീവിത കാലത്ത് തിരിഞ്ഞ് നോക്കാതെ ദുബൈലേക്ക് പറന്ന എന്റെ ഏക മകൻ നൗമാൻ വരുന്നുണ്ടെന്ന് പറയുന്നത് കേട്ടു.മരിക്കുന്നതിനു മുമ്പ് സന്തോഷപ്പൂർവ്വം അവൻ എന്നെ "ഉപ്പ" എന്ന് വിളിച്ചിട്ടുണ്ടാവില്ല.തുണിയിൽ പൊതിഞ്ഞ എന്നെ അവർ നേരത്തെ കിടത്തിയ

ഇടത്തേക്ക് കൊണ്ട് വെച്ചു.തടിയും ആരോഗ്യവുമുള്ള എന്നെ താങ്ങാൻ അവർ ബുദ്ധിമുട്ടുന്നുവെന്നും അമിതമായ ഭക്ഷണം ആണ് ഇതിന് കാരണമെന്നും എനിക്ക് മനസ്സിലായി.ആരൊക്കെയോ വന്ന് പോവുന്നു.നൗമാൻ വരാനുള്ളത് കൊണ്ട് കുറച്ചു

നേരം കൂടി ഇവിടെ കിടക്കണം.മൂക്കിലുള്ള പഞ്ഞി എടുത്തിടാൻ കൈപൊക്കാൻ കഴിയുന്നില്ല. ചന്ദനത്തിരിയുടെ ഗന്ധം മൂക്കിലൂടെ അടിച്ചു വീശുന്നു. കാണൽ നിർബന്ധമുള്ളവരെ കാണാൻ വേണ്ടി വിളിച്ചു. " ഉമ്മാ , മ്മടെ ഇപ്പച്ചിയെന്താ ഉണരാത്തേ" എന്ന രണ്ട് വയസ്സ് പ്രായമായ എന്റെ കൊച്ചു മോന്റെ ചോദ്യം കേട്ട് ചുറ്റും കൂടി നിന്നവരുടെ കണ്ണുനിറഞ്ഞു.കരഞ്ഞു തളർന്ന മുഖവുമായി എന്റെ

പ്രിയ പതി എന്റെ അടുത്തേക്ക് വന്നു. "**ആമിനാ... നീ നമ്മുടെ മക്കളെ നന്നായി നോക്കണം.ഫഹിദാനെ നല്ലൊരു ചെക്കന്റെ കയ്യിൽ ഏൽപിക്കണം .പിന്നെ ,നിന്റെ ഓരോ പ്രർത്ഥനയിലും എന്നെ ഉൾപ്പെടുത്തണം** ".ഞാൻ പറഞ്ഞത് കേട്ടിട്ടാണെന്ന് തോന്നുന്നു, ആമിന വാവിട്ടു കരഞ്ഞു. അവളെനിക്ക് ഒരു "**ഉമ്മ**" തന്നു, ഈ ജന്മത്തിലെ അവസാന ചുംബനം.അതു കണ്ടു നിന്ന എല്ലാവരുടേയും കണ്ണ് നിറഞ്ഞു.

നൗമാൻ വന്നു.പാവം അവനിപ്പോഴെങ്കിലും നല്ല ബുദ്ധി തോന്നിയല്ലോ?..... മയ്യിത്തെടുക്കാനുള്ള സമയം അടുത്തെത്തി. ഇപ്പൊ സമയം 4 മണിയായി. പ്രാർത്ഥനക്കു
ശേഷം അവർ എന്നെ മയ്യിത്ത്ക്കട്ടിലിൽ കിടത്തി. "**ലാ ഇലാഹ ഇല്ലള്ളാഹ്** " എന്നു പറഞ്ഞു കൊണ്ട് ഒരു വൻജനാവലി തന്നെ എന്റെ പിറകിലുണ്ട്. നൗമാനും എന്നെ പിടിക്കുന്നവരുടെ കൂട്ടത്തിലുണ്ട്.

പള്ളിയിൽ എന്നെ അവർ പതുക്കെ വെച്ചു. എന്നെ മുൻനിർത്തി എല്ലാവരും നമസ്കരിച്ചു. എന്റെ നിത്യശാന്തിക്കു വേണ്ടി അവർ ഒന്നടങ്കം ആമീൻ പറഞ്ഞു , കൂട്ടത്തിൽ ഞാനും.

എന്റെ ഉപ്പയുടേയും ഉമ്മയുടേയും അടുത്തു തന്നെ എനിക്കൊരു "**വിശ്രമമുറി**" ഉണ്ടാക്കിയതായി ഞാൻ കണ്ടു.കണ്ടപ്പോൾ ചെറുതെന്നു തോന്നിയ ആ മുറി എനിക്ക്

പാകമായിരുന്നു. പിറന്ന മണ്ണിലേക്കുതന്നെ എന്നെ പിടിച്ച് കിടത്തി. നനഞ്ഞ കണ്ണുമായി എന്റെ മുകളിൽ സ്ലാബ് വച്ചു. ഇപ്പൊ വല്ല്യ കൂരിരുട്ടാണ്. ആരോരുമില്ലാതെ,

ഞാനൊറ്റക്ക്. ഇനി പുറം ലോകം കാണാതെ ലോകാവസാനം വരെ. അള്ളാഹ്! അവരെല്ലാവരും പോയി. തിരിച്ചു വരാത്ത ലോകത്തേക്ക് ഞാനും പോയി!.

by
SHIFA.P.K 9B

# മഹത്തായ കടമ



**വർഷങ്ങൾക്കു മുമ്പ് .....**

**ഒരു സാധാരണ റെയ്ൽലെ സ്റ്റേഷൻ ഒരു ട്രെയ്ൻ വന്നു നിന്നു . ഓരോരുത്തരും**

അവരുടെ സാധനങ്ങളുമായി പുറത്തിറങ്ങി . പിന്നാലെ ചെറുപ്പക്കാരനുമായിരുന്നു അയാൾ . ട്രെയിനിൽ നിന്ന് ഇറങ്ങിയവരെല്ലാം ശബ്ദഘോഷങ്ങളോടെ തിരക്കിട്ട് പുറത്തേക്കു കുതിക്കുകയാണ് . അപ്പോൾ യാതൊരു തിരക്കുമില്ലാതെ ശാന്തനായി ഒരാൾ നടന്നു വന്നു . പ്ലാറ്റ് ഫോമിലെ ഒരു ബെഞ്ചിൽ അയാൾ ഇരിപ്പുറച്ചു .

ശ്ശോ....ഈ പെട്ടി ചുമക്കാൻ ഇവിടെ ആരുമില്ലേ .. ആരെങ്കിലും വരുന്നതു വരെ ഇവിടെ ഇരിക്കാം കുറച്ചു സമയം കഴിഞ്ഞിട്ടും ആരേയും കണ്ടില്ല . ചെറുപ്പക്കാരയന്റെ ക്ഷമ നശിച്ചു തുടങ്ങി.

നാശം .. ചുമടെടുക്കാൻ ആരുമില്ല ഞാനെങ്ങനെ പെട്ടിയുമായി പുറത്തിറങ്ങും . ചെറുപ്പക്കാരൻ സ്റ്റേഷൻ മസ്റ്ററോട് തട്ടിക്കയറി . അപ്പോൾ പിന്നിൽ നിന്നും ഒരു ശബ്ദം കേട്ടു നിങ്ങളുടെ പെട്ടി പട്ടണത്തിലെത്തിക്കണം . അത്രയല്ലേയുള്ളൂ. അതിനു ഞാൻ സഹായിക്കാം . ഇങ്ങനെ പറഞ്ഞ് പെട്ടിയുമായി അയാൾ മുന്നിൽ നടന്നു . ചെറുപ്പക്കാരൻ പിന്നാലെയും . പട്ടമത്തിലെത്തിയപ്പോൾ ചെറുപ്പക്കാരൻ തിരക്കി. എത്രയാ നിങ്ങളുടെ കൂലി . ഒരു ചെറു ചിരിയോടെ അദ്ധേഹം പറഞ്ഞു .കൂലിക്കു വേണ്ടിയല്ല ഞാനീ ജോലി ചെയ്യുത് . മറ്റുള്ളവരെ സഹായിക്കുന്നത് ഒരു കടമയായി കാണുന്ന

ഒരു സാധരണക്കാരനാണ് ഞാൻ .

**പേര് ഗോവിന്ദൻ നായർ .**

**ചെറുപ്പക്കാരൻ ഗോവിന്ദനോട് നന്ദി പറഞ്ഞു . അദ്ദേഹം നടന്നുനീങ്ങി .**

**പിറ്റേ ദിവസം അ്ദ്ദേഹം പട്ടണത്തിലൂടെ നടന്നു പോകുമ്പോൾ അദ്ദേഹത്തെ കണ്ട് ജനങ്ങൾ ബഹുമാനിക്കുന്നു. അപ്പോൾ ആ ചെറുപ്പക്കാരൻ അദ്ദേഹത്തെ കുറിച്ച് അന്വേഷിച്ചു . അപ്പോഴാണ് ആ ചെറുപ്പക്കാരന് മനസ്സിലായത് . അദ്ദേഹം ജനങ്ങൾക്ക് സേവനം ചെയ്യുന്ന ഒരു നല്ല ആളാണെന്ന് . അത് കേട്ടപ്പോൾ ചെറുപ്പക്കാരൻ അത്ഭുതപ്പെട്ടു . അയാൾക്ക് കുറ്റബോധം തോന്നി . അങ്ങേയറ്റം സങ്കടത്തോടേയും ദുഖത്തോടേയും അയാൾ വീട്ടിലേക്കു തിരിച്ചു പോയി.**

**UMMUL FIDHA**
**9A**